# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.MPM-13/1631/2020-21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 05/11/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.MPM-13/1631/2020-21 തീയ്യതി: 05/11/2021

## മലപ്പുറം ജില്ലയിലെ എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-11-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (**മുതൽ**) | തീയതി (**വരെ**) |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 22-09-2021 | 08-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (**മുതൽ**) | തീയതി (**വരെ**) |
|---|---|
| 22-09-2021 | 08-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രസാദ്.പി. ഓഡിറ്റ് ഓഫീസർ

ശ്രീ. മൂസ.ഇ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.

ശ്രീ. ഷജീർ.കെ. സീനിയർ ഗ്രേഡ് ഓഡിറ്റർ,

ശ്രീമതി. വിനീത.പി.പി. ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (**മുതൽ**) | തീയതി (**വരെ**) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.രാജീവ്.കെ.കെ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 20-12-2020 |
| ശ്രീമതി.ഹസീന ഇബ്രാഹിം | പ്രസിഡന്റ് | 21-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അബ്ബാസ്.പി.പി. | സെക്രട്ടറി | 01-04-2020 | 05-08-2020 |
| ശ്രീ.രാജേഷ്.ആർ, അസി.സെക്രട്ടറി | സെക്രട്ടറി(ഇൻ ചാർജ്ജ്) | 06-08-2020 | 02-09-2020 |
| ശ്രീ.അബ്ബാസ്.പി.പി. | സെക്രട്ടറി | 03-09-2020 | 11-01-2021 |
| ശ്രീ.രാജേഷ്.ആർ, അസി.സെക്രട്ടറി | സെക്രട്ടറി(ഇൻ ചാർജ്ജ്) | 12-01-2021 | 19-01-2021 |
| ശ്രീ.ദേവദാസൻ | സെക്രട്ടറി | 20-01-2021 | 03-02-2021 |
| ശ്രീ.രാജേഷ്.ആർ, അസി.സെക്രട്ടറി | സെക്രട്ടറി(ഇൻ ചാർജ്ജ്) | 04-02-2021 | 11-03-2021 |
| ശ്രീ.അബ്ബാസ്.പി.പി. | സെക്രട്ടറി | 12-03-2021 | 31-03-2021 |
| ശ്രീ.രാജേഷ്.ആർ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ.മുഹമ്മദ് മുനീർ.പി. | മെഡിക്കൽ ഒാഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.നഷീദ കരുപാടിൽ | മെഡിക്കൽ ഒാഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ.അജിത് കൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.ബീന | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 10-06-2020 |
| ശ്രീ.മനോജ്കുമാർ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 11-06-2020 | 31-03-2021 |
| ശ്രീ.ഷാജഹാൻ.എസ് | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ.വിഷ്ണു നാരായണൻ .പി.എം. | കൃഷി ഒാഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. രമ്യ.സി.ആർ | എെ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഉഷ.എം. | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-05-2020 |
| ശ്രീ.ആബ്ബാസ്. | ഹെഡ് മാസ്റ്റർ | 01-06-2020 | 31-03-2021 |
| ശ്രീമതി.സമിത.വി. | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ.അലി മുഹമദ് | മെഡിക്കൽ ഓഫീസർ (ആലോപതി) | 01-04-2020 | 31-03-2021 |

.

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shajeer.K (Senior Grade Auditor, On 09-10-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 09-10-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Shajeer.K (Senior Grade Auditor, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം(ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ)<br>Written By: Shajeer.K (Senior Grade Auditor, On 09-10-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 09-10-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Shajeer.K (Senior Grade Auditor, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Shajeer.K (Senior Grade Auditor, On 09-10-2021)<br>Last Updated By: Vineetha P P (Auditor, On 11-10-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shajeer.K (Senior Grade Auditor, On 08-10-2021)<br>Last Updated By: Prasad (Audit Officer, On 10-10-2021) | 1-6 |
| 7 | ക്ഷേമ പെൻഷൻ<br>Written By: Shajeer.K (Senior Grade Auditor, On 08-10-2021)<br>Last Updated By: Vineetha P P (Auditor, On 11-10-2021) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Vineetha P P (Auditor, On 11-10-2021)<br>Last Updated By: Vineetha P P (Auditor, On 11-10-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Vineetha P P (Auditor, On 11-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 1-9 |
| 10 | മറ്റു ഒാഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shajeer.K (Senior Grade Auditor, On 09-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Shajeer.K (Senior Grade Auditor, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 1-11 |
| 12 | പുസ്തകങ്ങൾ ലൈബ്രറിക്ക് കൈമാറിയിട്ടില്ല<br>Written By: Shajeer.K (Senior Grade Auditor, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 1-12 |
| 13 | ഐ.കെ.എം. ന് വിഹിതം- വിനിയോഗ സാക്ഷ്യപത്രം ഹാജറാക്കിയിട്ടില്ല.<br>Written By: Shajeer.K (Senior Grade Auditor, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 1-13 |
| 14 | വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Vineetha P P (Auditor, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 1-14 |
| 15 | ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല.<br>Written By: Vineetha P P (Auditor, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 1-15 |
| 16 | പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ മുഴുവൻ ലഭ്യമാക്കിയിട്ടില്ല<br>Written By: E.Moosa (Asst. Audit Officer, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 1-16 |

| | | |
|---|---|---|
| 17 | കേര ഗ്രാമം -രോഗബാധിത തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നടൽ- 65000/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Prasad (Audit Officer, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-17 |
| 18 | തോടിന് സൈഡ് കെട്ടൽ - അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി<br>Written By: E.Moosa (Asst. Audit Officer, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-18 |
| 19 | ചെലവ് വിശദാംശങ്ങൾ ഹാജരാക്കിയില്ല<br>Written By: E.Moosa (Asst. Audit Officer, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 1-19-1 |
| 20 | ചെലവ് വിശദാംശങ്ങൾ ഹാജരാക്കിയില്ല<br>Written By: E.Moosa (Asst. Audit Officer, On 10-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-19-2 |
| 21 | എയ്ഡഡ് സ്കൂളുകളിലെ ടോയ്‌ലെറ്റ് നിർമ്മാണം - അപാകതകൾ<br>Written By: E.Moosa (Asst. Audit Officer, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 1-20 |
| 22 | പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ<br>Written By: E.Moosa (Asst. Audit Officer, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-21 |
| 23 | 'വനിതകൾക്ക് കോഴി വളർത്തൽ'-വിതരണ ഏജൻസിക്ക് തുക കൈമാറിയിട്ടില്ല<br>Written By: Vineetha P P (Auditor, On 11-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 1-22 |
| 24 | കോലാർകുന്ന് നടപ്പാത കോൺക്രീറ്റ്, കരാറുകാരൻ പ്രവൃത്തി നിർവ്വഹിച്ചില്ല -തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.<br>Written By: E.Moosa (Asst. Audit Officer, On 08-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: Prasad (Audit Officer, On 03-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Prasad (Audit Officer, On 03-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Prasad (Audit Officer, On 03-10-2021)<br>Last Updated By: Prasad (Audit Officer, On 06-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Prasad (Audit Officer, On 03-10-2021)<br>Last Updated By: Prasad (Audit Officer, On 03-10-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Prasad (Audit Officer, On 03-10-2021)<br>Last Updated By: Prasad (Audit Officer, On 03-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Prasad (Audit Officer, On 03-10-2021)<br>Last Updated By: Prasad (Audit Officer, On 03-10-2021) | 4-6 |

| | | |
|---|---|---|
| 7 | ഒാഡിറ്റ് റിക്കവറി<br>Written By: Prasad (Audit Officer, On 03-10-2021)<br>Last Updated By: Prasad (Audit Officer, On 03-10-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Prasad (Audit Officer, On 03-10-2021)<br>Last Updated By: Prasad (Audit Officer, On 06-10-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Prasad (Audit Officer, On 03-10-2021)<br>Last Updated By: Unni.P (Deputy Director, On 03-11-2021) | 4-9 |
| 10 | ഒാഡിറ്റ് പ്രത്യവലോകനം<br>Written By: Prasad (Audit Officer, On 03-10-2021)<br>Last Updated By: Unni.P (Deputy Director, On 05-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Prasad (Audit Officer, On 03-10-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 10-10-2021) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2020-21ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| തീരുമാന നം 1(1) തിയ്യതി 19.03.2020 | തീരുമാന നം 18(1) തിയ്യതി 16.02.21 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയ്യതി | അപാകത പരിഹരിച്ച് ലഭിച്ച തിയ്യതി |
|---|---|---|---|
| 31.07.2020 | 07.05.2020 | -- | -- |

## 1-3 സാമ്പത്തിക വിശകലനം(ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ)

| ഇനം | വർഷം (2020-21) |
|---|---|
| മുന്നിരിപ്പ് | 30816210 |
| വരവ് | 81793841 |
| ആകെ | 112610051 |
| ചെലവ് | 94345617 |
| നീക്കിയിരിപ്പ് | 18264434 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 15868291 | 15868291 | 12065026 | 3803265 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 7713092 | 7713092 | 6973484 | 739608 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 221000 | 221000 | 210000 | 11000 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 0 | 8302000 | 8302000 | 8302000 | 00 |
| സംരക്ഷണ ഗ്രാന്റ്(നോൺറോഡ്) | 0 | 4748481 | 4748481 | 4748481 | 00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (പ്രത്യേക ഉദ്ദേശ്യം) | 0 | 6490000 | 6490000 | 3090937 | 3399063 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അടിസ്ഥാന ഗ്രാന്റ്) | 0 | 10189298 | 10189298 | 8915228 | 1274070 |
| I.C.D.S | 423791 | 1636082 | 2059873 | 1148000 | 911873 |
| Total Sanitation Campaign | 2766785 | 3310832 | 6077617 | 1794952 | 4282665 |
| Grant From Suchithwa Mission | 404065 | 1659 | 405724 | 0 | 405724 |
| Gramt For Keralolsavam | 20000 | 0 | 20000 | 0 | 20000 |

## 1-5 പദ്ധതി അവലോകനം.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നപ്പാക്കിയത് (എണ്ണം) | നടപ്പാത്തിവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 233 | 90708456 | 168 | 62049006 | 31 | 34 | 168 |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴചെലവായ പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 738968 | 671429 | 1410397 | 736233 | 674164 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 00 | 13139467 | 13139467 | 13139467 | 00 |

തൊഴിലുറപ്പ് പദ്ധതിയുടെ രജിസ്റ്റർ കാലികമാക്കുന്നില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം ആകെ വരവ് 1410397/-രൂപ എന്നാൽ I-6 പ്രകാരമുള്ള ചെലവ് 13139467/-രൂപ. രജിസ്റ്റർ കാലികമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-7 ക്ഷേമ പെൻഷൻ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 15480 | 23 |
| കർഷകതൊഴിലാളി പെൻഷൻ | 2141400 | 149 |
| വിധവാ പെൻഷൻ | 19116100 | 1284 |
| വാർദ്ധക്യകാല പെൻഷൻ | 34570800 | 2419 |
| വികലാഗ പെൻഷൻ | 5281300 | 359 |
| വിവാഹ ധനസഹായം | 330000 | 11 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 573200 | 38 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.09.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5643 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം ഓരോ പ്രോജക്ടുകളും തയ്യാറാക്കിയതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ പദ്ധതി രൂപീകരണത്തിന് മുൻപ് ഒരു തവണ യോഗം ചേരുന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം നിർജ്ജീവമാണ്. പ്രോജക്ടുകളുടെ മോണിറ്ററിംഗിനായി വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ക്രമീകരിച്ചിട്ടില്ല.

2. ജി ഒ (പി )നം.177/2006/ ഫിൻ തി.12.04.2006 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. വെറ്ററിനറി സർജൻ,ഡയറി എക്സ്റ്റൻഷൻ ഓഫീസർ,മെഡിക്കൽ ഓഫീസർ(ഹോമിയോ) എന്നീ നിർവഹണ ഉദ്യോഗസ്ഥർ പ്രോജക്ട് രജിസ്റ്റർ കാലികമാക്കിസൂക്ഷിക്കുന്നില്ല.

3. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾക്കും വില കുറഞ്ഞ സ്റ്റോർ, ഓഫീസ് ഫർണ്ണീച്ചറുകൾ, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറികൾ എന്നിവക്കും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതും സ്റ്റോക്കുകളുടെ പരിശോധന കാര്യക്ഷമമാക്കേണ്ടതുമാണ്.

4. ഗ്രാമ പഞ്ചായത്ത് ആർജ്ജിച്ച എല്ലാ ആസ്തികളേയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

5.ഓഡിറ്റിന് ഹാജരാക്കിയ മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്ററിൽ ഏതാനും സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിവരങ്ങൾ ആണ് മുഖ്യമായും ഉൾപ്പെടുത്തിക്കാണുന്നത്. നിർവഹണ ഉദ്യോഗസ്ഥരുടെ ചുമതലാ കാലയളവ് ക്രമത്തിൽ ഐസിഡിഎസ്,ഡയറി എക്സ്റ്റൻഷൻ ഓഫീസർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തുടങ്ങിയ നിർവഹണ ഉദ്യോഗസ്ഥരുടെ മേൽവിലാസം,കാലയളവ് വിവരങ്ങൾ കൂടി ഉൾപ്പെടുത്തി മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ

കാലികമാക്കേണ്ടതാണ്.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.07.2021 | മാർച്ച് 2021 | ലഭിച്ചിട്ടില്ല. |
| എ.ജി. ഓഡിറ്റ് | 19.05.2003 | 1998-99മുതൽ 2003-04 വരെ | 21.07.2003 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

എടയൂർ ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ:

1. MGNREGA വരവ് ചെലവ് രേഖകൾ പ്രകാരം 13323717 ആണ്. എന്നാൽ ആയത് AFS പ്രകാരം 13139467 ആണ്.

2. 2020-21 AFS പ്രകാരമുള്ള യഥാർഥ ഡി&ഒ ലൈസൻസ് ഫീ ഡിമാന്റ് 212840 രൂപയാണ് ( 2019- 20 B(9)+2020-21 RP(43) ). എന്നാൽ 2020-21 AFS I 4(b) പ്രകാരം ആയത് 203000 രൂപയാണ്.

3. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ (B 7) ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

4. 2020-21 AFS B(18) പ്രകാരമുള്ള താഴെ സൂചിപ്പിക്കുന്ന Advance തുകകളുടെ വിവരം അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

Advance To Implimenting Agencies- Deposit With Kerala Electricity Board- 900000

Advance To Other Authorised Agencies- 650000

Advance To Other Accredited Agencies- 22051

Advance To Implimenting Officers- 117061

5. B-4 പ്രകാരമുള്ള താഴെ സൂചിപ്പിക്കുന്ന തുകകൾക്ക് എ.സി.ആർ. സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

Grants,funds& Contributions For Specific Purposes-other Agencies

Donation To Flood

Donation Related To Pandemic/ Epidemic Controle

Recovery Payable- COVID

6. സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

7. B-4 പ്രകാരമുള്ള ICDS ഫണ്ടിന് പ്രത്യേക അക്കൌണ്ട് സൂക്ഷിക്കുന്നില്ല.

## 1-12 പുസ്തകങ്ങൾ ലൈബ്രറിക്ക് കൈമാറിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ " പഞ്ചായത്ത് വായനശാലയിലേക്ക് പുസ്തകം വാങ്ങൽ " എന്ന പദ്ധതി(213/2020-21) പ്രകാരം തനതു ഫണ്ടിൽ നിന്നും 100,000 രൂപ (വൌച്ചർ നം. 1149/243.21, ചെക്ക് നം.1973356 / 25.3.21) ചെലവഴിച്ച് കേരള സ്റ്റേറ്റ് ബുക്ക്മാർക്കിൽ നിന്നും വാങ്ങിയ പുസ്തകങ്ങൾ നാളിതു വരെ ലൈബ്രറിക്ക് കൈമാറിയിട്ടില്ല. പുസ്തകങ്ങൾ ഗ്രാമ പഞ്ചായത്തിന്റെ സ്റ്റോർ റൂമിൽ സൂക്ഷിച്ചിരിക്കുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു. പുസ്തകങ്ങൾ ലൈബ്രറിക്ക് കൈമാറി ഓഡിറ്റിനെ വിവരമറിയിക്കേണ്ടതാണ്. പുസ്തകങ്ങൾ ലഭ്യമാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/7.10.21) പുസ്തകങ്ങൾ ലഭ്യമാക്കിയതായി സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

## 1-13 ഐ.കെ.എം. ന് വിഹിതം- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ഐ.കെ.എം. ന് വിഹിതം നൽകൽ എന്ന നിക്ഷേപ പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ

| ക്രമ നം | പ്രോജക്റ്റ് നം | പേര് | ബിൽ /വൌച്ചർ നം /തിയ്യതി | ചെലവ് തുക | തുക ഡെപ്പോസിറ്റ് ചെയ്തു | അപാകത |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | സ്ഥാപനം | |
| 1 | 3/2019-20 | ഐ.കെ.എം.ന് വിഹിതം നൽകൽ | ബിൽ നം. 20150852010400581453/5.10.20 | 92310 (വികസന ഫണ്ട്) | IKM | വിനിയോഗ സാക്ഷ്യപത്രം ഹാജറാക്കിയിട്ടില്ല |

അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/7.10.21) മറുപടി നൽകിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധ വർഷം |
|---|---|
| സഫ ഇംഗ്ലീഷ് സ്കൂൾ, പൂക്കാട്ടിരി | I , II |
| സഫ കോളേജ് ഓഫ് ആർട്സ് & സയൻസ് | I , II |
| എം.ഇ.ടി. സ്കൂൾ , കൊളമംഗലം | I , II |
| ഡൽഹി ഇന്റർനാഷണൽ സ്കൂൾ | I , II |

2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിലെ മേൽ സൂചിപ്പിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 05/2020-21ഓഡിറ്റന്വേഷണത്തെ തുടർന്ന് കൊച്ചിൻ കോളേജ് ഓഫ് എൻജിനീയറിംഗ് റസീപ്റ്റ് നം. 121130101453 തിയ്യതി : 04.11.2021 പ്രകാരം 43,050/- രൂപയും, 121130101482 തിയ്യതി : 06.11.2021 പ്രകാരം 750/- രൂപയും,121130101483 തിയ്യതി : 06.11.2021 പ്രകാരം 1250/- രൂപയും അടവാക്കിയിട്ടുണ്ട്. മറ്റു സ്ഥാപനങ്ങൾ കോവിഡ് മൂലം പ്രവർത്തിച്ചിട്ടില്ലാത്തതിനാലാണ് തൊഴിൽ നികുതി ഈടാക്കാൻ സാധിക്കാതിരുന്നതെന്നും, ആയത് കുടിശികയായി ഈടാക്കുമെന്നും അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി അടവാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല.

മെഡിക്കൽ ഓഫീസർ (ഹോമിയോ) മരുന്ന് വാങ്ങലിനായി ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രോജക്ട് പ്രകാരമുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജെക്റ്റ് നമ്പർ/പേര് | ചെലവ് തുക | ബിൽ നമ്പർ/തിയതി | ലഭ്യമായ മരുന്നിന്റെ വില/ഇൻവോയ്സ് നമ്പർ | | ലഭ്യമാക്കുവാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|
| SO89/21 | 3,00,000 | 02/20-21/ 08.09.20 | LF-600 Dtd: 10.06.2021<br>LF-1268 Dtd:08.09.2021 | 61,118 /-<br>1,10,629/- | 1,28,253 /- |
| ആകെ | | | | 1,71,747/- | 1,28,253 /- |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 01/2020-21ഓഡിറ്റന്വേഷണത്തിന്, വിതരണം ചെയ്യാൻ ബാക്കിയുള്ള മരുന്ന് ലഭ്യമാക്കണമെന്നറിയിച്ച് ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി. അവശേഷിക്കുന്ന 1,28,253 /- രൂപയുടെ മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ മുഴുവൻ ലഭ്യമാക്കിയിട്ടില്ല

പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രൊജക്ടുകൾ പ്രകാരം മരുന്ന് വാങ്ങിക്കുന്നതിനായി 379621 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപറേഷൻ ലിമിറ്റഡ് - ന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ രസീത്, മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്. . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | നൽകിയ തുക | ലഭ്യമായ മരുന്നുകൾ | ബാക്കി |
|---|---|---|---|
| സാന്ത്വനം പാലിയേറ്റീവ് പരിചരണം (216/21)<br>സ്പിൽ ഓവർ<br>ബിൽ നമ്പർ 20150852035800264396/17.6.2020 | 350000 | 0 | 350000 |
| സാന്ത്വനം പാലിയേറ്റീവ് പരിചരണം (52/21)<br>ബിൽ നമ്പർ 20150852035801302834/20.3.2021 | 160651 | 131030<br>(3 ഇൻവോയ്സ്) | 29621 |
| ആകെ | 510651 | | 379621 |

ഓഡിറ്റ് എൻക്വയറി 6 /20-21/5.10.2021 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. രസീത്, മരുന്ന് ലഭ്യമായതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-17 കേര ഗ്രാമം -രോഗബാധിത തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നടൽ-65000/-രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്ടിന്റെ പേര്,നം. | കേര ഗ്രാമം -രോഗബാധിത തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നടൽ (പ്രൊജക്ട് നം. 187/2020-21) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അഗ്രികൾച്ചർ ഓഫീസർ |
| ചെലവഴിച്ച തുക | 65000/- (വികസന ഫണ്ട് ജനറൽ)<br>BRN.19150852036001262332 Dated 13.02.2020 |

പ്രോജക്ട് നം. 187/2020-21 പ്രകാരം 13 ഗുണഭോക്താക്കൾക്ക് തെങ്ങ് വെട്ടിമാറ്റി പുതിയവ നടുന്നതിന് തെങ്ങൊന്നിന് 1000/-രൂപ പ്രകാരം 65000/- രൂപ ധനസഹായം നല്കിയിട്ടുണ്ട്. സ.ഉ.(കൈ)നം. 22/2018/ത.സ്വ.ഭ.വ., തിരുവനന്തപുരം തിയ്യതി 14.02.2018- 6.1കൃഷി 12 പ്രകാരം കേടുവന്ന തെങ്ങുമുറിച്ച് മാറ്റി പുതിയവ വയ്ക്കുന്നതിനാണ് ധനസഹായം നൽകുന്നുന്നത്. എന്നാൽ ഗുണഭോക്താക്കൾ തെങ്ങു വെട്ടിമാറ്റി പുതിയവ നട്ടതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ശ്രീ. അബ്ദുൾ ജലീൽ, ഒതുക്കൽ എന്ന ഗുണഭോക്താവിന് 25 തെങ്ങ് വെട്ടിമാറ്റി പുതിയവ വയ്ക്കുന്നതിന് തെങ്ങ് ഒന്നിന് 1000/- രൂപ വീതം 25000/-രൂപ നല്കിയിട്ടുണ്ട്. എന്നാൽ 25.09.21-ാം തിയ്യതി അഗ്രികൾച്ചർ അസിസ്റ്റന്റ് ശ്രീ.പ്രഭുകുമാറുമായി നടത്തിയ സ്ഥല പരിശോധനയിൽ ടി ഗുണഭോക്താവ് 5 തെങ്ങ് മാത്രമാണ് വെട്ടി മാറ്റിയതെന്നും പുതിയവ നട്ടിട്ടില്ലെന്നും ബോധ്യപ്പെട്ടു. മേൽ പദ്ധതി പ്രകാരം ശ്രീ.മുരളീധരൻ എന്ന ഗുണഭോക്താവിന് തെങ്ങ് വെട്ടിമാറ്റി പുതിയവ വയ്ക്കുന്നതിന് 5000/-രൂപ ധനസഹായം നല്കിയെങ്കിലും സ്ഥല പരിശോധനയിൽ 2 തെങ്ങ് വെട്ടിയതായാണ് കാണാൻ കഴിഞ്ഞത്. പുതിയ തെങ്ങിൻ തൈ വച്ചിട്ടില്ല. അപാതകൾക്ക് വിശദീകരണം നല്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുനല്കിയ Enquiry No. 2 /30.09.21 മറുപടിയായി ശ്രീ. അബ്ദുൾ ജലീൽ എന്ന ഗുണഭോക്താവ് 56

തെങ്ങ് വെട്ടിമാറ്റി പുതിയ തൈ വച്ചിട്ടുണ്ടെന്നും, ശ്രീ. മുരളീധരൻ 5 തെങ്ങുകൾ വെട്ടി മാറ്റി പുതിയ തൈ വച്ചിട്ടുണ്ടെന്നും അറിയിച്ചു. എന്നാൽ സംയുക്ത പരിശോധനയിൽ മറുപടിയിൽ പറയുന്ന പ്രകാരമുള്ള ഗുണഭോക്താക്കൾ തെങ്ങു വെട്ടി മാറ്റി പുതിയവ നട്ടതായി അറിയിച്ചത് വസ്തുതാപരമല്ലെന്ന് ബോധ്യമായി. പ്രൊജക്ട് നടത്തിപ്പിനെ സംബന്ധിച്ച് വസ്തുതാപരവും സമഗ്രവുമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അതുവരെ 65000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-18 തോടിന് സൈഡ് കെട്ടൽ - അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എടയൂർ പാഴൂർതോട് (അമ്പല സിറ്റി) സംരക്ഷണം ( 260/21) എന്ന പ്രവൃത്തിക്ക് റോഡ് പ്രവൃത്തികൾക്ക് ബാധകമായ 10% ഓവർ ഹെഡ് ചാർജ് നൽകി മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. തോടിന്റെ സൈഡ് കരിങ്കല്ല് കൊണ്ട് കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തിയാണ് ഇവിടെ ചെയ്തിട്ടുള്ളത് എന്ന് ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിധ്യത്തിൽ 5.10.21 ന് പ്രവൃത്തി നേരിൽ സന്ദർശിച്ചപ്പോൾ വ്യക്തമായി. ഈ പ്രവൃത്തി റോഡ് നിർമ്മാണ പ്രവൃത്തിയോ അതുമായി ബന്ധമുള്ള പ്രവൃത്തിയോ അല്ലാത്തതിനാൽ 5% ഓവർ ഹെഡ് ചാർജ് നൽകി DSR പ്രകാരമുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കേണ്ടിയിരുന്നത്. തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കി ഗ്രാമ പഞ്ചായത്തിന് അധിക ചെലവ് വരുത്തിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധിക തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| എടയൂർ പാഴൂർതോട് (അമ്പല സിറ്റി) സംരക്ഷണം ( 260/21) | എർത് വർക് എക്സ്കവേഷൻ 21.89 | 5002 @228.52/ | 4774 | 228 |
| ബിൽ 122/30.3.21 തുക 299658<br>അളവ് പുസ്തകം 74/20-21 | ഡ്രൈറബ്ൾ മേസനറി 98.001 | 256809 @2620.47 | 246515 @2515.43/ | 10294 |
| കരാറുകാരൻ ശ്രീ. കെ.പി.കുഞ്ഞുണ്ണി<br>കരാർ. 68/20-21 /27.10.2020 | സിമന്റ് കോൺക്രീറ്റ് 1.65 | 12939 @7842.08 | 11855 @7184.64/ | 1084 |
| കോസ്റ്റ് ഇൻഡക്സ് 31.06% | സെന്ററിങ് 2*44*0.075=6.6 | | 1678 @254.19/ | -1678 |
| ആകെ | | 274750 | 264822 | 9928 |
| 12% GST തുക അടക്കം | | 307720 പരിമിതപ്പെടുത്തിയത് 299658 | 296601 | 305 |

ഓഡിറ്റ് എൻക്വയറി 8 /20-21 /5.10.2021 നൽകിയതിന് DSR ബാധകമായത് ഒരു കോമ്പൗണ്ടിനകത്ത് ഒതുങ്ങി നിൽക്കുന്ന പ്രവൃത്തികൾക്ക് മാത്രമാണ്, ഈ പ്രവൃത്തി അത്തരത്തിലുള്ളതല്ല എന്ന മറുപടി ലഭ്യമാക്കി. വീടുകളുടെ അതിരിനോട് ചേർന്ന് ഒഴുകുന്ന തോടിന്റെ സൈഡ് കരിങ്കല്ല് ഉപയോഗിച്ച് കെട്ടി സംരക്ഷിക്കുന്ന ഒരു പ്രവൃത്തി മാത്രമാണ്. ഇവിടെ MORD സ്പെസിഫിക്കേഷൻ നൽകാൻ അനുമതി ഇല്ല. ആയതിനാൽ മറുപടി സ്വീകാര്യമല്ല.

## 1-19-1 ചെലവ് വിശദാംശങ്ങൾ ഹാജരാക്കിയില്ല

പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട് ചുവടെ കാണിച്ച ബില്ലുകൾ പ്രകാരം പിൻവലിച്ച തുകകളുടെ ചെലവ് രേഖകൾ /വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സം ചെയ്യുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ | ചെലവിനം/ അപാകത | തുക |
|---|---|---|---|
| 1 | 2015085203580092O469/8.1.2021<br>തുക 21120<br>സാന്ത്വനം പാലിയേറ്റീവ് പരിചരണം (52/21) | വാഹന വാടക, ഭക്ഷണ ചെലവ്<br>ട്രിപ്പ്ഷീറ്റ് ഇല്ല,<br>ഹോട്ടൽ ബിൽ ഇല്ല | 12000<br>5120 |
| 2 | 2015085203580072 3009/11.11.2020<br>തുക 21120<br>സാന്ത്വനം പാലിയേറ്റീവ് പരിചരണം (52/21) | വാഹന വാടക, ഭക്ഷണ ചെലവ്<br>ട്രിപ്പ്ഷീറ്റ് ഇല്ല,<br>ഹോട്ടൽ ബിൽ ഇല്ല | 21120 |
| 3 | 20150852035800723013/11.11.2020<br>തുക 6650<br>സുരക്ഷ- രോഗ പ്രതിരോധ പ്രവർത്തനങ്ങൾ കുത്തിവെപ്പ് വാഹന വാടക (52/21) | വാഹന വാടക<br>ശ്രീ മുഹമ്മദ് അൻഫൽ ന് നൽകിയത്.<br>ട്രിപ്പ്ഷീറ്റ് ഇല്ല | 6650 |
| 4 | 20150852035800503011/9.12.2021<br>തുക 6650<br>സുരക്ഷ- രോഗ പ്രതിരോധ പ്രവർത്തനങ്ങൾ കുത്തിവെപ്പ് വാഹന വാടക (52/21) | വാഹന വാടക<br>ശ്രീ മുഹമ്മദ് അൻഫൽ ന് നൽകിയത്.<br>ട്രിപ്പ്ഷീറ്റ് ഇല്ല | 6650 |
| 5 | 20150852035801416111/29.3.2021<br>തുക 7900<br>ആരോഗ്യ ജാഗ്രത പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ (55/21) | ചെലവിനം വ്യക്തമല്ല<br>ബിൽ കോപ്പി മാത്രം | 7900 |
| 6 | 2015085203580141615/29.3.2021<br>തുക 15900 | ചുമർ ചിത്രം, ശ്രീ ജയപ്രകാശ് ന് നൽകിയത്.<br>എവിടെയാണ് ചിത്രം വരച്ചത്എന്ന വിവരം ഇല്ല | 15900 |
| | | ആകെ | 75340 |

ഓഡിറ്റ് എൻക്വയറി 7 /20-21/5.10.2021 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-19-2 ചെലവ് വിശദാംശങ്ങൾ ഹാജരാക്കിയില്ല

പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട് ചുവടെ കാണിച്ച ബില്ലുകൾ പ്രകാരം പിൻവലിച്ച തുകകളുടെ ചെലവ് രേഖകൾ /വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സം ചെയ്യുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ | ചെലവിനം/ അപാകത | തുക |
|---|---|---|---|
| 4 | 20150852035801255787/15.3.2021<br>തുക 51960<br>കുടുംബാരോഗ്യകേന്ദ്രത്തിലെ ദൈനംദിന ചെലവുകൾ (56/21) | വാഹന വാടക<br>ശ്രീ അവറാൻകുട്ടിക്ക് നൽകിയത്. വാഹനം ഓടിയതിന്റെ ആവശ്യം രേഖപ്പെടുത്തിയിട്ടില്ല. | 25600 |
| 7 | 20150852035800455146//21.8.2020<br>തുക 7436 | ശ്രീ സിറാജുദ്ധീന് ന് നൽകിയത്. | 7436 |

| | | | |
|---|---|---|---|
| | കുടുംബാരോഗ്യകേന്ദ്രത്തിലെ ദൈനംദിന ചെലവുകൾ (56/21) | ചെലവ് രേഖകൾ ഇല്ല | |
| | | ആകെ | 33036 |

ഓഡിറ്റ് എൻക്വയറി 7 /20-21/5.10.2021 നൽകിയതിന് മറ്റുപടി ലഭ്യമാക്കിയിട്ടില്ല.

## 1-20 എയ്ഡഡ് സ്കൂളുകളിലെ ടോയ്‌ലെറ്റ് നിർമ്മാണം - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് കാലയളവിൽ ഗ്രാമ പഞ്ചായത്തിലെ വിവിധ എയ്ഡഡ് സ്കൂളുകൾക്ക് ചുവടെ കാണിച്ച പദ്ധതികൾ പ്രകാരം ടോയ്‌ലറ്റ് യൂണിറ്റുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ രൂപീകരണം ,നിർവ്വഹണം എന്നിവ സംബന്ധിച്ച് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം എല്ലാ ഗവൺമെന്റ് സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ് എന്നാണ് വ്യക്തമാക്കുന്നത്. എന്നാൽ പഞ്ചായത്ത് പ്രൊജക്റ്റ് തയ്യാറാക്കുന്നതിന് മുമ്പ് എല്ലാ സർക്കാർ സ്കൂളുകളിലും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് സർക്കാർ നിർദ്ദേശിക്കുന്ന മാനദണ്ഡ പ്രകാരമുള്ള ടോയ്‌ലറ്റുകൾ, മറ്റ് സൗകര്യങ്ങൾ ഉണ്ടോ എന്നിവ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയതിന്റെ വിശദാംശങ്ങൾ പ്രവൃത്തി ഫയലിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ല.

2. ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് സ്കൂളുകളിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ട് എന്നും അവിടങ്ങളിൽ നിലവിൽ എത്ര ടോയ്ലറ്റുകൾ ലഭ്യമാണ്, ഇനി ആവശ്യമുള്ളത് എത്ര എന്നതിനെക്കുറിച്ചും വ്യക്തമായ പഠനം നടത്തിയതായി കാണുന്നില്ല.

3.എയ്ഡഡ് സ്കൂളിൽ ടോയ്‌ലറ്റ് നിർമ്മിച്ച് നൽകണമെന്ന് സ്കൂളിന്റെ ഉടമസ്ഥർ (മാനേജ്‌മെന്റ് കമ്മിറ്റി) രേഖാമൂലം അപേക്ഷ നൽകിയിട്ടില്ല. കൂടാതെ മാനേജ്‌മെന്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രവൃത്തി നടത്തുന്നതിന് അവരുടെ രേഖാമൂലമുള്ള സമ്മതം നേടിയിട്ടുമില്ല.

| പ്രൊജക്റ്റ് | ചെക്ക് നമ്പർ, തുക |
|---|---|
| ശുചിത്വം സുന്ദരം എന്റെ എടയൂർ വിദ്യാലയങ്ങളിൽ ശുചിത്വ ടോയ്‌ലറ്റ്,GLPS, AUPS വടക്കുംപുറം(255/21) | 2875/31.3.21 222242 |
| ശുചിത്വം സുന്ദരം എന്റെ എടയൂർ വിദ്യാലയങ്ങളിൽ സ്ത്രീ സൗഹൃദ ശുചിത്വ ടോയ്‌ലറ്റ്(49/21) | ബിൽ 127/31.3.21 തുക 286030 |

ഓഡിറ്റ് എൻക്വയറി 15 /20-21 /7.10.2021 മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾക്ക് രേഖകൾ സഹിതമുള്ള മറുപടി ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-21 പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

I. പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാനാവുന്നില്ല.

2020-21 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 128പദ്ധതികൾ തയ്യാറാക്കിയതിൽ 110 പ്രൊജക്ടുകൾക്ക് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കിയത്. 29 പദ്ധതികളുടെ ബില്ലുകൾ സമർപ്പിച്ചിരുന്നു എങ്കിലും ആയത് ട്രഷറി ക്യൂവിൽ ആയതിനാൽ തൻവർഷം ചെലവ് വന്നിട്ടില്ല. 39പദ്ധതികൾ സ്പിൽ ഓവർ ആയി ഉൾപെടുത്തിയതിൽ ഒരു പദ്ധതി തൻവർഷവും പൂർത്തിയാക്കാനായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 128 | ആകെ അടങ്കൽ | 26181329 |
| നടപ്പിലാക്കിയത് | 110 | ചെലവ് | 19797716 |
| ശതമാനം | 85.94% | ചെലവ് ശതമാനം | 75.62 |

ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ വളരെയധികം പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ പ്രൊജക്ടുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ

പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

II.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

III. പ്രവൃത്തി പൂർത്തീകരിച്ച ശേഷം അവശിഷ്ടങ്ങൾ, ബാക്കി വരുന്ന സാമഗ്രികൾ, താത്കാലിക നിർമ്മിതികൾ എന്നിവ നീക്കം ചെയ്ത് സൈറ്റ് ക്ലീൻ ചെയ്ത ശേഷം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് തിരിച്ചേൽപിക്കണമെന്ന് കേരള പൊതു മരാമത്ത് മാന്വൽ ഖ.2119 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ

പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് സൈറ്റ് കൈമാറിയതിന്റെ രേഖകൾ മിക്ക ഫയലുകളിലും ഉണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കി സൈറ്റ് തിരിച്ചേൽപിച്ചതിന്റെ രേഖകൾ ഒരു പ്രവൃത്തിയുടെയും ഫയലിൽ ഇല്ല. മരാമത്ത് പ്രവൃത്തി ഫയലുകളോടൊപ്പം കേരള പൊതു മരാമത്ത് മാന്വൽ നിർദ്ദേശിക്കും പ്രകാരമുള്ള മുഴുവൻ രേഖകളും ഉള്ളടക്കം ചെയ്യാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

IV.1996 ലെ The Building And Other Construction Workers' Welfare Cess Act പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ് (The Building And Other Construction Workers' Welfare Cess Act,1996 Section 3-3).

ഓഡിറ്റ് വർഷത്തിൽ ഗ്രാമ പഞ്ചായത്ത് നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്ന് കളക്ഷൻ ചാർജ് ഈടാക്കാതെ മുഴുവൻ തുകയും ബന്ധപ്പെട്ട ബോർഡിൽ അടവാക്കിയിരിക്കുകയാണ്. ഭാവിയിൽ കളക്ഷൻ ചാർജ് കുറവ് ചെയ്ത് മാത്രം ക്ഷേമ നിധി വിഹിതം അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

V. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

1. കാഷ് ബുക്കിൽ ദിനേനയുള്ള ക്ലോസിങ്, മാസാവസാനമുള്ള ക്ലോസിങ് എന്നിവ രേഖപ്പെടുത്തുന്നില്ല. പണമിടപാടുകൾ ഇല്ലാത്ത ദിവസങ്ങളിൽ അക്കാര്യം കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. 9.11.2020 മുതൽ കാഷ് ബുക്കിലെ രേഖപ്പെടുത്തലുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ, EMD രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

3. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല.

4. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ സ്വീകരിച്ച തീയ്യതി,സമയം, എന്നിവ രേഖപ്പെടുത്തുന്നില്ല.

5. പ്രവൃത്തി പൂർത്തീകരിച്ചാൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.1.2017 ലെ ഇ7/11350/15/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതും മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്ററുകൾ കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. കൂടാതെ പൊതുമരാമത്ത് പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച പൊതുമരാമത്ത് മാന്വൽ നിർദ്ദേശങ്ങൾ പാലിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-22 'വനിതകൾക്ക് കോഴി വളർത്തൽ'-വിതരണ ഏജൻസിക്ക് തുക കൈമാറിയിട്ടില്ല

2020-21 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ (83/20-21, SO239/20-21) 'വനിതകൾക്ക് കോഴി വളർത്തൽ' പ്രോജെക്ടുകളുടെ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടുണ്ടെങ്കിലും,

ആയത് കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന മലബാർ പൌൾട്രി ഫാം മോങ്ങം എന്ന സ്ഥാപനത്തിന് നൽകിയിട്ടില്ലാത്തതിനാൽ ചെലവ് രേഖകൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജെക്റ്റ് നം.& പേര് | അടങ്കൽ | ചെലവ് | ബിൽ നം, തുക |
|---|---|---|---|
| 83/20-21 വനിതകൾക്ക് കോഴി വളർത്തൽ | 199800 (വികസന ഫണ്ട് + 199800 (തനത് ഫണ്ട്) | 247200 | P9/20-21 Dated 23.03.2021, 123600 |
| 239/20-21 വനിതകൾക്ക് കോഴി വളർത്തൽ | 69000 (വികസന ഫണ്ട് + 120000 (തനത് ഫണ്ട്) | 91100 | P5/20-21 Dated 27.02.2021, 24500 |

പ്രോജക്റ്റ് 239/21 (SO)

പദ്ധതി പ്രകാരം 500 രൂപ സബ്സിഡി നിരക്കിൽ 49 ഗുണഭോക്താക്കൾക്ക് കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുണ്ട്. ഇൻവോയ്സ് 49/20-21 തിയതി 16.10.20 പ്രകാരം മലബാർ പൗൾട്രി ഫാം, മോങ്ങം എന്ന സ്ഥാപനം 490 കോഴി കുഞ്ഞുങ്ങളെ (110 രൂപ നിരക്കിൽ) ലഭ്യമാക്കിയിട്ടുണ്ട്. ചെലവ് തുക 91,100 രൂപയിൽ 24500 രൂപ മാത്രമേ വിതരണ ഏജൻസിക്ക് കൈമാറിയിട്ടുള്ളൂ. അവശേഷിക്കുന്ന 66,600 രൂപയുടെ ചെക്ക് (ചെക്ക് നം. 004408676480257 തിയ്യതി 30.03.21) കാലഹരണപ്പെട്ടതായി കാണുന്നു.

പ്രോജക്റ്റ് 83/20-21

ഈ പദ്ധതി പ്രകാരം 500 രൂപ സബ്സിഡി നിരക്കിൽ 206 ഗുണഭോക്താക്കൾക്ക് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുണ്ട്. ഇൻവോയ്സ് നം. 58/20-21 തിയതി 19.03.2021 പ്രകാരം മലബാർ പൗൾട്രി ഫാം, മോങ്ങം എന്ന സ്ഥാപനം 2060 കോഴി കുഞ്ഞുങ്ങളെ (120 രൂപ നിരക്കിൽ) ലഭ്യമാക്കിയിട്ടുണ്ട്. ചെലവ് തുക 2,47,200 രൂപയിൽ 1,23,600 രൂപ മാത്രമേ വിതരണ ഏജൻസിക്ക് കൈമാറിയിട്ടുള്ളൂ. അവശേഷിക്കുന്ന 1,23,600 രൂപയുടെ ചെക്ക് (ചെക്ക് നം. 40647101039957 തിയ്യതി 31.03.2021) കാലഹരണപ്പെട്ടതായി കാണുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/2020-21 ന് കോവിഡ് നിയന്ത്രണങ്ങൾ മൂലം മലബാർ പൌൾട്രി ഫാമിനെ അറിയിച്ചെങ്കിലും, ചെക്ക് കൈപ്പറ്റിയിട്ടില്ലാത്തതിനാൽ, ചെക്ക് ക്യാൻസൽ ആകുകയും, പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും, ആയത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായെന്നും അറിയിച്ചിട്ടുണ്ട്. ഇൻവോയ്സ് പ്രകാരമുള്ള തുക കൈമാറിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 കോലാർകുന്ന് നടപ്പാത കോൺക്രീറ്റ്, കരാറുകാരൻ പ്രവൃത്തി നിർവ്വഹിച്ചില്ല -തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കോലാർകുന്ന് നടപ്പാത കോൺക്രീറ്റ് (201/20) എന്ന പ്രവൃത്തി ശ്രീ.ഷറഫുദ്ധീൻ.കെ, പൂക്കോട്ടൂർ എന്ന കരാറുകാരൻ 18.5% കുറഞ്ഞ നിരക്കിൽ ടെണ്ടർ ചെയ്ത് കരാർ ഒപ്പ് വെച്ചിരുന്നു. എന്നാൽ കരാറുകാരൻ പ്രവൃത്തി തുടങ്ങുകയുണ്ടായില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും പ്രവൃത്തി ആരംഭിക്കാതിരുന്നതിനാൽ ടെണ്ടറിൽ രണ്ടാമത് വന്ന കരാറുകാരനുമായി (ഷറഫുദ്ധീൻ.കെ എടയൂർ 16.7% കുറവ്) നിർവ്വഹണ ഉദ്യോഗസ്ഥൻ ഭരണ സമിതി അംഗീകാരത്തോടെ കരാർ വെക്കുകയും പ്രവൃത്തി പൂർത്തിയാക്കി അദ്ധേഹത്തിന് ബിൽ തുക നല്കുകയും ചെയ്തു.

ആദ്യം പ്രവൃത്തി ഏറ്റെടുത്ത ശ്രീ. ഷറഫുദ്ധീൻ.കെ. ഗ്രാമ പഞ്ചായത്തിൽ അടവാക്കിയ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്ന് ഗ്രാമ പഞ്ചായത്തിന് അധികം ചെലവ് വന്ന 1.8% (18.5-16.7=1.8) തുക ഈടാക്കുവാനും നിയമാനുസൃതമായ മറ്റ് തുടർ നടപടികൾ കൈകൊള്ളുന്നതിനും 10.10.2019 ലെ 1/15 നമ്പർ ആയി ഭരണ സമിതി തീരുമാനിച്ചിരുന്നു. പ്രസ്തുത തീരുമാന പ്രകാരം നഷ്ട തുക ഈടാക്കിയതിന്റെയും തുടർനടപടികളുടെയും വിവരം ലഭ്യമാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | 18.5% കുറഞ്ഞ നിരക്ക് | 16.7% കുറഞ്ഞ നിരക്ക് | ഈടാക്കേണ്ട തുക |
|---|---|---|---|---|
| കോലാർകുന്ന് നടപ്പാത കോൺക്രീറ്റ് (201/20)<br>ബിൽ 78/13.3.2020 തുക 81500<br>അളവ് പുസ്തകം<br>കരാറുകാരൻ ശ്രീ. ഷറഫുദ്ധീൻ.കെ പൂക്കോട്ടൂർ 18.5% കുറവ്)<br>ആദ്യ കരാർ. 56/31.8.2018<br>കരണ്ടാമത്തെ കരാറുകാരൻ ശ്രീ. ഷറഫുദ്ധീൻ.കെ എടയൂർ 16.7% കുറവ്)<br>കരാർ. 78/23.112019<br>കോസ്റ്റ് ഇൻഡക്സ് 31.06% | 98647 | 80397 | 82173 | 1776 |

ഓഡിറ്റ് എൻക്വയറി 1/2020-21/1.10.2021 നൽകിയതിന് പഞ്ചായത്തിന് നഷ്ടം വന്ന തുക ഈടാക്കുന്നതിന് കരാറുകാരന് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പറും തിയ്യതിയും |
|---|---|---|
| 2019-20 | 22.09.2021 മുതൽ 08.10.2021 വരെയുള്ള ഓഡിറ്റ് ക്യാമ്പിൽ പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ | ലഭിച്ച | പദ്ധതി പേര്/നം | ചെലവഴിച്ച | നീക്കിയിരിപ്പ് |
|---|---|---|---|---|

| സ്ഥാപനം | തുക | | തുക | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 241082 | 5/20-21 അന്നപൂർണ്ണ നെൽകൃഷി വികസനം | 241082 | |
| | 250000 | 41/20-21 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 250000 | |
| | 390000 | 52/20-21സാന്ത്വനം പാലിയേറ്റീവ് പരിചരണം | 390000 | |
| | 680000 | 62/20-21 ലൈഫ് ഭവന പദ്ധതി 20-21 (ജനറൽ) | 680000 | |
| | 350000 | 89/20-21 സാന്ത്വനം പാലിയേറ്റീവ് പരിചരണം | 350000 | |
| | 336590 | 207/20-21 മുന്നാക്കൽ അങ്കണവാടി റോഡ് നവീകരണം | 336590 | |
| | 127980 | 270/20-21 സി.കെ.പാറ ചെറ്റാർ ചോല റോഡ് നവീകരണം | 127980 | |
| | 2393000 | 65/20-21 ലൈഫ് പദ്ധതി എസ്.സി | 2393000 | |
| | 115589 | 182//20-21 സി.കെ.പാറ ചെറ്റാർ ചോല റോഡ് നവീകരണം | 115589 | |
| ആകെ | 4884241 | | 4884241 | |
| ജില്ലാ പഞ്ചായത്ത് | 475000 | 41/20-21 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 475000 | |
| | 480000 | 62/20-21 ലൈഫ് ഭവന പദ്ധതി 20-21 (ജനറൽ) | 480000 | |
| | 200000 | 65/20-21 ലൈഫ് ഭവന പദ്ധതി 20-21 (S.C) | 200000 | |
| | 89679 | 106/20-21 ക്ഷീര സമൃദ്ധി-ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 89679 | |
| | 1244679 | | 1244679 | |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നല്കിയതിന്റേയും ചെലവഴിച്ചതിന്റേയും വിവരം

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| K.S.E.B | സ്ട്രീറ്റ് ലൈൻ വലിക്കൽ | 42000325/ Dated 31.03.2021 | 500000 | 00 | ഇല്ല | 500000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 01 | ലൈഫ് ഭവന പദ്ധതി | | 7647503 | 6958403 | 833921 | | 6124482 |
| | | | | | | | |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1997-98<br>36,37 | 2003-04<br>30 | കോഴി വളർത്തൽ, കോഴിക്കൂട് വിതരണം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1998-99<br>44,46 | 2003-04<br>30 | എസ്റ്റിമേറ്റ് തയ്യാറാക്കൽ, അധിക തുക നൽകിയത് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1999-00<br>39,49,50 | 2003-04<br>30 | ജലസേചനം- കൺവീനർക്ക് അധിക തുക നൽകിയത് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2000-01<br>28 | 2003-04<br>30 | കുഴൽക്കിണർ- ഉപയോഗിക്കാത്ത സാധനം തിരിച്ച് നൽകിയില്ല | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2001-02<br>3(2),3(3),3(7) | 2004-05<br>3(7) | പദ്ധതികൾ ലക്ഷ്യം നേടിയില്ല | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2006-07<br>3(4) | 2009-10<br>3(4) | വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ- | നിയമസഭാ സമിതിയുടെ |

| | | പൂർത്തീകരണ വിവരമില്ല | പരിഗണനയിൽ |
|---|---|---|---|
| 2011-12, 2012-13 | 2015-16 3(3).3(1) | | |
| 2016-17 | 2017-18 3(6) | | |
| 2014-15 | 2016-17 (2-1,2-2) | | |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

A) ചാർജ് നടപടികളുടെ വിവരം

ഇല്ല

B)സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | 36 | ഡോ. കെ.ജി.രാജു, വെറ്റി. സർജൻ | Lf 2717 /Sp Cell/ Sc5/04/dtd 5-9-05 | 67,500 | 0 | 0 | 0 | 0 | 0 | 67,500 | OP 19/15 (IA 96/15) |
| 2 | 1998-99 | 42 | ഐ.വി. രാജഗോപാലൻ, അസി. എഞ്ചിനിയർ | Lf 2731 /Sp Cell/ Sc5/04/dtd 26-2-05 | 55,723 | | | 55,723 | | | 55,723 | OP 91/05, Dist Court , Manjeri |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 81793841 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 94345617 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 173376 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 65000 | കൃഷി ഓഫീസർ |
| 1-19-2 | 33036 | മെഡിക്കൽ ഓഫീസർ |
| 1-19-1 | 75340 | മെഡിക്കൽ ഓഫീസർ |
| ആകെ | 173376 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-17 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വിഷ്ണു നാരാണൻ.പി.എം | കൃഷി ഓഫീസർ, എടയൂർ കൃഷി ഭവൻ | മേലടത്ത്, വലിയ പറമ്പ്, പുത്തൂർ, പി.ഒ.കോട്ടക്കൽ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച | തീർപ്പാക്കാൻ |
|---|---|---|

| വർഷം | ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | LFM11/1155/01 Dt. 01.12.2010 | 2 |
| 1998-99 | LFM11/1422/01 Dt.01.12.2000 | 12 |
| 1999-00 | LFM11/1421/01 Dt. 01.12.2000 | 11 |
| 2000-01 | LFM11/435/03 Dt. 01.12.2010 | 02 |
| 2001-02 | LFM12/1269/04 Dt. 01.12.2010 | 14 |
| 2002-03 | LFM12/1865/04 Dt. 01.12.2010 | 11 |
| 2003-04 | LFM13/177/493/10 Dt. 21.01.2012 | 19 |
| 2004-05 | LFM11/177/494/10 Dt. 22.05.2012 | 16 |
| 2005-06 | LFM09/1153/09 Dt. 22.05.2012 | 07 |
| 2006-07 | LFM09/932/09 Dt. 17.02.2010 | 04 |
| 2007-08 | LFM09/1154/09 Dt. 19.02.2010 | 10 |
| 2008-09 To 10-11 | LFM13/1933/12 Dt. 23.08.2012 | 24 |
| 20011-12to12-13 | KSA/MPM/13/3095/ Dt. 1.2.16 | - |
| 2013-14 To14-15 | KSA/MPM/13/2098/ Dt. 8.8.16 | 25 |
| 2015-16 | KSA/MPM/ | 22 |
| 2016-17 | KSA/MPM/M13/2001/17/ 24-10-2017 | 32 |
| 2017-18 | KSA/MPM/13/2438/2018/ 12/11/18 | 23 |
| 2018-19 | KSA/MPM/13/2712/2019/ 19.01.20 | 15 |

ഡെപ്യൂട്ടി ഡയറക്ടർ

മലപ്പുറം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്